## പതിമൂന്നാം കേരള നിയമസഭ

## 9-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3927 — 26/06/13-ൽ മറുപടിയ്ക്ക്

### ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഫാർമസിസ്റ്റുകളുടെ സേവനം

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. എം ഉമ്മർ | | | ശ്രീ. വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബ ക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ആശുപത്രികളിൽ ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നതിന് ഫാർമസിസ്റ്റുകളുടെ സേവനം അനിവാര്യമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | നിലവിൽ രോഗികളുടെയും ഫാർമസിസ്റ്റുകളുടെയും അനുപാതം എത്രയാണെന്ന് വിശദമാക്കാമോ; | (ബി) | ആദ്യത്തെ 300 ഒ.പി-ക്ക് ഒരു ഫാർമസിസ്റ്റ് , ഓരോ അഡീഷണൽ 200 ഒ.പി-ക്ക് ഓരോ ഫാർമസിസ്റ്റ് എന്ന രീതിയിലും അല്ലെങ്കിൽ 75 കിടക്കകൾക്ക് ഒരു ഫാർമസിസ്റ്റ് എന്ന രീതിയിലുമാണ് നിലവിലുള്ള അനുപാതം. |
| (സി) | ഫാർമസിസ്റ്റുകളുടെ അഭാവത്തിൽ മരുന്നുകൾ വിതരണം ചെയ്യുന്നത് ക്ലാസ്-IV ജീവനക്കാരാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എങ്കിൽ, ഇതുമൂലം സംഭവിച്ചേക്കാവുന്ന അപകടത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | (ഡി) | ബാധകമല്ല. |
| (ഇ) | ഫാർമസിസ്റ്റുകളുടെ ആവശ്യമായ തസ്തിക സൃഷ്ടിച്ച് സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | (ഇ) | നടപടികൾ സ്വീകരിച്ചുവരുന്നു. |

Sd/

സെക്ഷൻ ഓഫീസർ